പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*272 08-11-2019-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. വീണാ ജോർജ്ജ്**<br>**ശ്രീ. പി. ഉണ്ണി**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ**<br>**ശ്രീ. എസ്. രാജേന്ദ്രൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് പ്രഖ്യാപിച്ചിട്ടുള്ള ആയിരത്തി ഇരുന്നൂറു കോടി രൂപയുടെ സമഗ്ര പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ആയിരത്തി ഇരുന്നൂറു കോടി രൂപയുടെ സമഗ്ര പദ്ധതി പ്രത്യേകമായി പ്രഖ്യാപിച്ചിട്ടില്ലായെങ്കിലും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വാർഷിക പദ്ധതികൾക്ക് പുറമെ, റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി, കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിനു സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് കാർഷിക കടത്തിന്റെ മൊറട്ടോറിയം തീയതി നീട്ടിയിരുന്നോയെന്നറിയിക്കാമോ; പ്രളയം കടക്കെണിയിലാഴ്ത്തിയ കർഷകരുടെ സംരക്ഷണത്തിന് പ്രത്യേക കാർഷിക കടാശ്വാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ്, ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിൻമേലുമുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>2018 ലെ പ്രളയത്തിനോട് അനുബന്ധിച്ച്, നിശ്ചിത സമയത്തിനുള്ളിൽ പുന:ക്രമീകരിക്കപ്പെട്ട കാർഷിക ലോണുകളുടെ മൊറട്ടോറിയം കാലാവധി, 07/08/2019 ന് കൂടിയ എസ്.എൽ.ബി.സി |

| | | | |
|---|---|---|---|
| | | | യുടെ സബ്കമ്മിറ്റി, 31/12/2019 വരെ നീട്ടി നൽകിയിട്ടുണ്ട്. 2019 ലെ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ 03/09/2019 ന് കൂടിയ പ്രത്യേക എസ്.എൽ.ബി.സി യോഗ തീരുമാനപ്രകാരം പ്രളയബാധിത വില്ലേജുകളായി സർക്കാർ പ്രഖ്യാപിച്ച സ്ഥലങ്ങളിലെ കർഷകർ എടുത്തിട്ടുള്ള വിള വായ്പകൾക്ക് 23/08/2019 മുതൽ ഒരു വർഷം വരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.<br>കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകി വന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ 2019 നവംബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്. |
| **(സി)** | കാർഷിക രംഗത്തെ ഉല്പാദനം, സംഭരണം, വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ശാസ്ത്ര, സാങ്കേതിക ശാസ്ത്ര നേട്ടങ്ങൾ ഉപയോഗപ്പെടുത്തി ആധുനീകരണം വഴി കൃഷി ആദായകരമാക്കിത്തീർക്കുന്നതിന് പരിപാടിയുണ്ടോ; വ്യക്തമാക്കുമോ; | **(സി)** | ഉണ്ട്. ശാസ്ത്ര, സാങ്കേതിക ശാസ്ത്ര നേട്ടങ്ങൾ ഉപയോഗപ്പെടുത്തി സംഭരണ, വിതരണ മേഖലകളിൽ ആധുനീകരണം വഴി കൃഷി ആദായകരമാക്കിത്തീർക്കുന്നതിന് സാധിക്കും. നൂതന കൃഷി രീതികളുടെ പ്രയോഗം, മഴമറയിലുള്ള പച്ചക്കറി കൃഷി, കൃത്യതാ കൃഷി, ഫെർട്ടിഗേഷനോട്ടു കൂടിയ സൂക്ഷ്മ ജലസേചനം ഉപയോഗിച്ചുള്ള കൃഷി എന്നിവ ഉൾപ്പെടുന്ന ഹൈടെക് കൃഷി, പൂക്കളുടെ കൃഷി, ജൈവ കൃഷിയും ഉത്തമ കാർഷിക മുറകൾ അവലംബിച്ചുള്ള കൃഷി എന്നിവ വ്യാപിപ്പിക്കുന്ന പദ്ധതികളും കാർഷിക മേഖലയിൽ യന്ത്രവത്ക്കരണവും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. പച്ചക്കറി-പഴം സംഭരണത്തിനും, വിതരണത്തിനുമായി റീഫർ വാനുകൾ ഉപയോഗിക്കുന്ന രീതി കൂടുതൽ വ്യാപകമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. നൂതന കൃഷി രീതികളെക്കുറിച്ചും സംഭരണ വിപണന രീതികളെക്കുറിച്ചും കർഷകർക്ക് അറിവ് നൽകുന്നതിന് കൃഷി വകുപ്പിന്റെ വിജ്ഞാന വ്യാപന വിഭാഗവും പരിശീലന വിഭാഗവും നേതൃത്വം നൽകുന്നു.<br>റീ ബിൽഡ് ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി, കൃഷി വകുപ്പും മറ്റ് അനുബന്ധ സ്ഥാപനങ്ങളും മുഖേന ആധുനിക മാർഗ്ഗങ്ങൾ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉപയോഗിച്ച് കേരളത്തിലെ പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും ശീതീകരിച്ച വിപണന ശൃംഖല രൂപീകരിക്കുന്നതിനുള്ള പ്രോജക്റ്റും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ് എഫ് എ സി), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (എസ് എച്ച് എം) എന്നീ ഏജൻസികൾ മുഖേനയും പദ്ധതികൾ നടപ്പിലാക്കുന്നു. |
| (ഡി) | ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടില്ല. എന്നാൽ സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം 2019-20 എന്ന പദ്ധതിയിൽ ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ കുരുമുളക് കൃഷി വ്യാപനം, പ്രദർശനത്തോട്ടം സജ്ജമാക്കൽ, സെക്കന്ററി/ സൂക്ഷ്മ മൂലകങ്ങൾ, കുമ്മായം എന്നിവയുടെ വിതരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, കുരുമുളക് സമിതി പുനരുജ്ജീവനം തുടങ്ങിയ പദ്ധതി ഘടകങ്ങൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>വയനാട് ജില്ലയുടെ കുരുമുളക് |

| | | | |
|---|---|---|---|
| | | | വികസനത്തിനും, ജല-മണ്ണ് സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷം 1700 ലക്ഷം രൂപ വയനാട് പാക്കേജ് പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കുരുമുളക് കൃഷിയുടെ വികസനത്തിനായി വിവിധ ഘടകങ്ങളിലായി കർഷകർക്ക് ധനസഹായം നൽകി വരുന്നു. നിലവിലുള്ള കുരുമുളകുകൾക്ക് പുതിയ താങ്ങുമരങ്ങൾ വച്ചുപിടിപ്പിക്കൽ, കുരുമുളക് കൃഷി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ സമഗ്ര വികസനം, ദ്രുതവാട്ടത്തിനെതിരെ സംയോജിത കീടനിയന്ത്രണം, വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ സ്ഥാപിക്കൽ, സെക്കന്ററി/ സൂക്ഷ്മ മൂലകങ്ങൾ/ ജൈവ കീടനാശിനികളുടെ വിതരണം, മാതൃതോട്ടങ്ങളുടെ സംരക്ഷണം, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ, പുതിയ ടെക്നോളജിയുടെ ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനുകൾ, കുരുമുളക് സമിതികളുടെ ശാക്തീകരണം, പ്രവർത്തന ചെലവുകൾ എന്നിവ നടപ്പിലാക്കുന്നതിനായി പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ